**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751** **20-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക കോളേജിലെ ബി.കോം സീറ്റ് വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിൽ ബി.കോം കോഴ്സിന് എത്ര സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2024-25 അധ്യയന വർഷം മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിൽ ബി.കോം പ്രോഗ്രാമിന് 44 സീറ്റുകളിലേക്കാണ് അഡ്മിഷൻ നടത്തുന്നത്. |
| (ബി) | പ്രസ്തുത കോളേജിൽ ബി.കോം കോഴ്സിനായി ഈ വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കോളേജിൽ ബി.കോം പ്രോഗ്രാമിനായി ഈ വർഷം 1254 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കോളേജിൽ, സർവകലാശാല അനുവദിച്ചിരിക്കുന്ന ബി.കോം സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കോളേജിൽ ബി.കോം പ്രോഗ്രാമിന് 40 സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) | ഡിഗ്രി കോഴ്സുകൾക്ക് മതിയായ സീറ്റുകൾ ഇല്ലാത്ത പ്രദേശമെന്ന പരിഗണന നൽകി, ഈ വർഷം പ്രസ്തുത കോളേജിലെ ബി.കോം സീറ്റുകളുടെ എണ്ണം എഴുപത് ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (ഡി) | കോളേജിൽ നിന്നും 4 സീറ്റുകളുടെ വർദ്ധനവിന് (2024-25 അധ്യയന വർഷത്തേയ്ക്ക്) അപേക്ഷ ലഭിച്ചത് പ്രകാരം , അത് അനുവദിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കോളേജിൽ പുതിയ ബി.കോം ബാച്ച് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഇ) | പുതിയ ബി.കോം ബാച്ച് ആരംഭിക്കുന്നതിന് കണ്ണൂർ സർവകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ കോളേജ് പ്രിൻസിപ്പാളിൽ നിന്നും സർവകലാശാലയിൽ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ